(സി) പ്രസ്തുത നിർമ്മാണത്തിനുവേണ്ടി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തുക 4.37 കോടി രൂപയാണ്. നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ല.

(സി) ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ്—തിരുവനന്തപുരം എ.സി. ബസ് സർവ്വീസ്

85 [548] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്—തിരുവനന്തപുരം എ.സി. ബസ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്നും എന്നത്തേക്ക് ബസ് സർവ്വീസ് ആരംഭിക്കുവാൻ കഴിയും എന്നും വ്യക്തമാക്കുമോ?

ഉത്തരം

പുതിയ എ. സി. ബസ്സുകൾ കെ.എസ്.ആർ.ടി.സി.ക്ക് ഇതുവരെ ലഭ്യമായിട്ടില്ല. എ.സി. ബസ്സുകൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം

86 [550] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണം സംസ്ഥാനത്തിന് പുറത്തുള്ള ഏതെല്ലാം കമ്പനികൾക്കാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ പെരുകിട ബോഡി ബിൽഡിംഗ് യൂണിറ്റുകൾക്ക് ബോഡി നിർമ്മാണചുമതല നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനു പുറത്ത് ബോഡിനിർമ്മാണം നടത്തിയ ഫൈറ്റെക്ക് ബസ്സുകൾ വളരെരേഗം പൊട്ടിപ്പൊളിയുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ എത്ര ബോഡി ബിൽഡിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത യൂണിറ്റുകളിൽ പ്രതിവർഷം ശരാശരി എത്ര ബസ്സുകളുടെ ബോഡി നിർമ്മാണം നടക്കുന്നുവെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഹർഷാ വീൽ മൂവേഴ്സ് (പ്രൈവറ്റ് ലിമിറ്റഡ്) ബാംഗ്ലൂർ, ഇരിസാർ ടി.വി.എസ്. തിരുച്ചിറപ്പള്ളി എന്നീ കമ്പനികൾക്കാണ് നൽകിയിട്ടുള്ളത്. ഇതിൽ ഹർഷാ വീൽ മൂവേഴ്സിന് ഇപ്പോൾ ബോഡി നിർമ്മിക്കാൻ അനുവാദം നൽകുന്നില്ല.

(ബി) ഇല്ല. കേരളത്തിലെ ചെറുകിട ബോഡി നിർമ്മാതാക്കൾക്കും ബോഡി നിർമ്മാണചുമതല നൽകുന്നുണ്ട്. ടെണ്ടറിലൂടെയാണ് ഇപ്രകാരം നൽകിവരുന്നത്.

(സി) പൊട്ടിപ്പൊളിയുന്നുവെന്ന് പരാതിയില്ല. എന്നാൽ കൂടുതൽ ചൂട് അനുഭവപ്പെടുന്നുവെന്ന പരാതി ഈ ബസ്സുകളെ സംബന്ധിച്ചിടത്തോളം ഉണ്ടാവുകയും അത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ നിലവിൽ ഒരു ബോഡി ബിൽഡിംഗ് യൂണിറ്റാണ് പ്രവർത്തിക്കുന്നത്. അത് പാപ്പനംകോട്ടുള്ള സെൻട്രൽ വർക്ക്ഷോപ്പിലാണ് പ്രവർത്തിക്കുന്നത്. അവിടെ പ്രതിവർഷം ശരാശരി 46 പുതിയ ബസ്സുകൾ ബസ് ബോഡി കിറ്റിന്റെ സഹായത്താൽ നിർമ്മിക്കുന്നു. അവിടെ നിർമ്മിക്കാൻ കഴിയുന്ന പരമാവധി എണ്ണം നിർമ്മിക്കുന്നതിന് അവസരം നൽകുന്നുണ്ട്.

അനന്തപുരി ബസ്സുകൾ കൂടുതൽ റൂട്ടുകളിൽ ഓടിക്കാൻ നടപടി

87 [551] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതുതായി നിരത്തിലിറക്കിയ അനന്തപുരി ബസ്സുകൾ ഇപ്പോൾ എത്രയെണ്ണമാണുള്ളതെന്നും ഇനി എത്രയെണ്ണംകൂടി വാങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) അനന്തപുരി ബസ്സുകളുടെ മാതൃകയിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും പ്രധാനപ്പെട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും തിരക്കേറിയ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പുതുതായി 40 അനന്തപുരി ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ഇനി 110 എണ്ണംകൂടി നിരത്തിലിറക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly